**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3866** **27-10-2021 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും അതിനായി അപേക്ഷിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കാമോ? | (എ) | ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അപേക്ഷിക്കേണ്ടവിധവും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ് കോളർഷിപ്പുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അപേക്ഷിക്കേണ്ടവിധവും

| ക്രമ നമ്പർ | സ്കോളർഷിപ്പിന്റെ പേര് | മാനദണ്ഡം | അപേക്ഷിക്കേണ്ട രീതി |
|---|---|---|---|
| 1 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് | എസ്.എസ്.എൽ..സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ കോഴ്സുകൾക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്ക് 10,000/- രൂപ വീതവും ബിരുദ, ബിരുദാനന്തര ബിരുദ പഠനങ്ങൾക്ക് യഥാക്രമം 80%, 75%-മാർക്ക് നേടിയവർക്ക് 15,000/-രൂപ വീതവും നൽകുന്ന സ്കോളർഷിപ്പ് അവാർഡാണിത്. ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകുന്ന ഏറ്റവും വലിയ സ്കോളർഷിപ്പ് അവാർഡും ഇതു തന്നെ. ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണനയുണ്ടെങ്കിലും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ന്യൂനപക്ഷ വിഭാഗ ത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവ ത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള അവരിലെ മറ്റ് വിദ്യാർത്ഥികൾക്കും ഈ അവാർഡ് ലഭിക്കും. | www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിച്ചിരുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം.<br>**അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ**<br>• അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിൻറൗട്ട്.<br>• എസ്.എസ്.എൽ.സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ തലങ്ങളിൽ ഫുൾ എ+ നേടിയ വിദ്യാർത്ഥിയാ |

| | | | | |
|---|---|---|---|---|
| | | | | ണെങ്കിൽ ഇവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പും, ബിരുദ, ബിരുദാനന്തര ബിരുദ പഠനങ്ങൾക്ക് യഥാക്രമം 80%, 75%-മാർക്ക് നേടിയ വിദ്യാർത്ഥിയാണെങ്കിൽ എസ്.എസ്.എൽ.സി., പ്ലസ്ടു, ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങിയവ യുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പും സമർപ്പിക്കേണ്ടതാണ്.<br>• അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്<br>• (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).<br>• ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ കാർഡിന്റെപകർപ്പ്.<br>• നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്. |

| | | | |
|---|---|---|---|
| | | | • കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.<br>• വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) വില്ലേജ് ഓഫീസിൽ നിന്ന്<br>• റേഷൻ കാർഡിന്റെ പകർപ്പ് |
| 2 | സ്വകാര്യ ഐ.റ്റി.ഐ-കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ - റീ ഇംമ്പേഴ്സ്മെൻറ് സ്കീം. | സർക്കാർ അംഗീകൃത സ്വകാര്യ ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അടച്ച ഫീസ് തിരിച്ചു നൽകുന്ന പദ്ധതിയാണിത്. 2 വർഷം/ഒരു വർഷം എന്നീ കാലയളവിലുള്ള കോഴ്സുകൾക്ക് യഥാക്രമം 20,000/ രൂപ, 10,000/ രൂപ എന്ന തോതിലാണ് സാമ്പത്തിക സഹായം നൽകുന്നത്. അംഗീകൃത ഐ.റ്റി.ഐകളിൽ പഠിക്കുന്ന എല്ലാ അംഗീകൃത ഏകവർഷ ദ്വിവർഷ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭ്യമാണ്. ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണനയുണ്ടെങ്കിലും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെഅഭാവത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള അവരിലെ മറ്റ് വിദ്യാർത്ഥികൾക്കും ഈ അവാർഡ് ലഭിക്കും. | www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിച്ചിരുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം.<br>**അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ**<br>• അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിൻറൗട്ട്. |

| | | | |
|---|---|---|---|
| | | | • എസ്.എസ്.എൽ.സി., പ്ലസ്ടു, വി.എച്ച്.എസ്.ഇ തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.<br>• ഐ.ടി.ഐ. കളിൽ പഠിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖകൾ<br>• (അഡ്മിഷൻ കാർഡ്, ട്യൂഷൻ ഫീസ് ഒടുക്കിയ തിന്റെ രസീത്, ഐ.ഡി.കാർഡ് തുടങ്ങിയവ)<br>• അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്<br>• (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).<br>• ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ കാർഡിന്റെ പകർപ്പ്.<br>• നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.<br>• കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ |

| | | | |
|---|---|---|---|
| | | | പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.<br>• വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) വില്ലേജ് ഓഫീസിൽ നിന്ന്<br>• റേഷൻ കാർഡിന്റെ പകർപ്പ്<br>• മാർക്ക് ലിസ്റ്റിന്റെ പകർപ്പ്/മാർക്ക് ലിസ്റ്റ് ലഭിച്ചിട്ടില്ലെങ്കിൽ സാക്ഷ്യപത്രം സമർപ്പിക്കേ ണ്ടതാണ്. |
| 3 | ചാർട്ടേർഡ് അക്കൗണ്ടൻസി/ കോസ്റ്റ് & മാനേജ്മെൻറ് അക്കൗണ്ടൻസി/കമ്പനി സെക്രട്ടറി ഷിപ്പ് സ്കോളർഷിപ്പ്. | സി.എ/സി.എം.എ/സി.എസ് കോഴ്സുകളിൽ ഫൈനലിന് പഠിക്കുന്ന വിദ്യാർത്ഥി കൾക്ക് നൽകുന്ന സ്കോളർഷിപ്പാണിത്. 15,000/ രൂപയാണ് സ്കോളർഷിപ്പ് തുക. ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണനയുണ്ടെങ്കിലും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള അവരിലെ മറ്റ് വിദ്യാർത്ഥികൾക്കും ഈ അവാർഡ് ലഭിക്കും. | www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിലേയ്ക്ക് സമർപ്പിക്കണം.<br>**അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ** |

| | | | |
|---|---|---|---|
| | | | • അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റ് ഔട്ട്.<br>• എസ്.എസ്.എൽ..സി., പ്ലസ്ടു/വി.എച്ച്.എസ്.ഇ, ഡിഗ്രി തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ഇൻറർ മീഡിയറ്റ് സർട്ടി ഫിക്കറ്റ്, ഫൈനലിന് ചേർന്ന രേഖ.<br>• പ്രസ്തുത കോഴ്സിന് പഠിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖകൾ<br>• (അഡ്മിഷൻ കാർഡ്, ട്യൂഷൻ ഫീസ് ഒടുക്കിയതിന്റെ രസീത്, ഐ.ഡി.കാർഡ് തുടങ്ങിയവ)<br>• അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്<br>• (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ |

| | | | |
|---|---|---|---|
| | | | അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).<br>• ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ. പി. ആർ കാർഡിന്റെ പകർപ്പ്.<br>• നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.<br>• കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.<br>• വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) വില്ലേജ് ഓഫീസിൽ നിന്ന്<br>• റേഷൻ കാർഡിന്റെ പകർപ്പ് (ബി. പി. എൽ എന്ന് തെളിയിക്കുന്നതിന്) |
| 4 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000/ രൂപയാണ് സ്കോളർഷിപ്പ് നൽകുന്നത്. ബി.പി.എൽ വിദ്യാർത്ഥികൾക്ക് | www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ |

| | | | |
|---|---|---|---|
| | | മുൻഗണനയുണ്ടെങ്കിലും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള അവരിലെ മറ്റ് വിദ്യാർത്ഥികൾക്കും ഈ അവാർഡ് ലഭിക്കും. | സമർപ്പിക്കാവുന്നതാണ്.<br><br>സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിച്ചിരുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം.<br><br>**<u>അപേക്ഷകർ ഹാജരാക്കേ രേഖകൾ</u>**<br><br>• അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിൻറൗട്ട്.<br>• എസ്എസ്.എൽ.സി., പ്ലസ്ടു, വി.എച്ച്.എസ്.ഇ തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.<br>• അലോട്ട്മെൻറ് മെമ്മോ -യുടെ പകർപ്പ്<br>• അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്<br>• (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരി ക്കണം). |

| | | | |
|---|---|---|---|
| | | | • ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ. പി. ആർ കാർഡിന്റെ പകർപ്പ്.<br>• നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.<br>• കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.<br>• വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) വില്ലേജ് ഓഫീസിൽ നിന്ന്<br>• റേഷൻ കാർഡിന്റെ പകർപ്പ് |
| 5 | മദർതെരേസ സ്കോളർഷിപ്പ് | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്ഥാപന ങ്ങളിൽ നഴ്സിംഗ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്കും സർക്കാർ അംഗീകൃത സെൽഫ് ഫിനാൻസിങ് കോളേജുകളിൽ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. പ്രതിവർഷം 15,000/ രൂപയാണ് സ്കോളർഷിപ്പ് നൽകുന്നത്. ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണനയുണ്ടെങ്കിലും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള അവരിലെ മറ്റ് വിദ്യാർത്ഥികൾക്കും ഈ അവാർഡ് ലഭിക്കും. | www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിച്ചിരുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. |

| | | | |
|---|---|---|---|
| | | | **<u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>**<br><br>• അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിൻറൗട്ട്. എസ്:എസ്.എൽ.സി., പ്ലസ്ടു, വി.എച്ച്.എസ്.ഇ തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.<br>• അലോട്ട്മെൻറ് മെമ്മോ - യുടെ പകർപ്പ്<br>• അപേക്ഷകരുടെ സ്വന്തം പേരിലുളള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്<br>• (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരി ക്കണം).<br>• ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ കാർഡിന്റെ പകർപ്പ്.<br>• നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.<br>• കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ |

| | | | |
|---|---|---|---|
| | | | പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.<br>• വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) വില്ലേജ് ഓഫീസിൽ നിന്ന്<br>• റേഷൻ കാർഡിന്റെ പകർപ്പ് |
| 6 | സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ മുസ്ലീം, ലത്തീൻ ക്രിസ്ത്യൻ/പരിവർത്തിത ക്രിസ്ത്യൻ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്കും, മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച സ്വാശ്രയ മെഡിക്കൽ/ എഞ്ചിനീയറിഗ് കോളേജുകളിൽ പഠിക്കുന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 5000/ രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 6000/ രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7000/ രൂപ വീതവും ഹോസ്റ്റലിൽ നിന്ന് പഠിക്കുന്നവർക്ക് 13000/ രൂപ വീതവും പ്രതിവർഷം സ്കോളർഷിപ്പ് നൽകുന്നു. ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണനയുണ്ടെങ്കിലും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള അവരിലെ മറ്റ് വിദ്യാർത്ഥികൾക്കും ഈ അവാർഡ് ലഭിക്കും. | • www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിച്ചിരുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം.<br>**അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ**<br>• അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിൻറൗട്ട്.<br>• എസ്.എസ്.എൽ.സി., പ്ലസ്ടു, വി.എച്ച്.എസ്.ഇ, ബിരുദം |

| | | | |
|---|---|---|---|
| | | | തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.<br>• അലോട്ട്മെൻറ് മെമ്മോ - യുടെ പകർപ്പ്<br>• അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്<br>• (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരി ക്കണം).<br>• ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ കാർഡിന്റെ പകർപ്പ്.<br>• നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.<br>• കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.<br>• വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ) വില്ലേജ് ഓഫീസിൽ നിന്ന്<br>• റേഷൻ കാർഡിന്റെ പകർപ്പ് |

| | | | |
|---|---|---|---|
| 7 | അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി | സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ ഹോസ്റ്റൽ ഫീസ് എന്നിവ ഈ പദ്ധതിയിലൂടെ റീഇംബേഴ്സ് ചെയ്യാവുന്നതാണ്. കേരള സിവിൽ സർവ്വീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച് സ്റ്റഡീസ്-പൊന്നാനി, യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പഠിതാക്കൾക്ക് അപേക്ഷിക്കാം. ഒരു ഉദ്യോഗാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000/ രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000/ രൂപയുമാണ് പരമാവധി നൽകുന്നത്. ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണനയുണ്ടെങ്കിലും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള അവരിലെ മറ്റ് വിദ്യാർത്ഥികൾക്കും ഈ അവാർഡ് ലഭിക്കും. | www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിച്ചിരുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം.<br>**അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ**<br>• അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിൻറൗട്ട്.<br>• എസ്.എസ്.എൽ.സി., ബിരുദം തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.<br>• അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്<br>• (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരി ക്കണം).<br>• കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്/ മൈനോറിറ്റി |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റിന്റെ പകർപ്പ്.<br>• വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്ന്<br>• റേഷൻ കാർഡിന്റെ പകർപ്പ് (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ മാത്രം)<br>• കോഴ്സ് ഫീസ്/ഹോസ്റ്റലർ ഫീസ് അടച്ചതിന്റെ രസീത് (വിദ്യാർത്ഥി സമർപ്പിക്കുന്ന ഹോസ്റ്റൽ രസീത് സ്വകാര്യ സ്ഥാപനത്തിലേതാണെങ്കിൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിയുടെ മേലൊപ്പ് നിർബന്ധമായും പതിപ്പിച്ചിരിക്കേണ്ടതാണ്) |
| 8 | ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ് അവാർഡ് | ന്യൂനപക്ഷങ്ങൾ ഉൾപ്പെടെയുള്ള എല്ലാ മതവിഭാഗത്തിലും ഉൾപ്പെട്ട , ഉറുദു ഐച്ഛികഭാഷയായെടുത്ത് എസ്.എസ്.എൽ. സി - യ്ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ പ്ലസ് ഗ്രേഡ് നേടിയ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാർത്ഥിക്ക് 1000/ രൂപയാണ് ക്യാഷ് അവാർഡ്. ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണനയുണ്ടെങ്കിലും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള മറ്റ് വിദ്യാർത്ഥികൾക്കും ഈ അവാർഡ് ലഭിക്കും. | www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിച്ചിരുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. |

| | | | |
|---|---|---|---|
| | | | **അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ**<br>• അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിൻറൗട്ട്.<br>• എസ്.എസ്.എൽ.സി./പ്ലസ്ടു തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.<br>• അപേക്ഷകരുടെ സ്വന്തം പേരിലുളള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്<br>• (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെട്ടുത്തിയിരി ക്കണം).<br>• ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ കാർഡിന്റെ പകർപ്പ്. |
| 9 | പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റി സ്റ്റുഡന്റ്സ് സ്കീം | കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റി സ്റ്റുഡന്റ്സ് സ്കീമിന് ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വാർഷിക കുടുംബവരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തവർക്ക് അപേക്ഷിക്കാവുന്നതാണ്. തൊട്ടുമുൻവർഷത്തെ ബോർഡ് / യൂണിവേഴ്സിറ്റി പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്കോ തത്തുല്യ ഗ്രേഡോ ലഭിച്ചിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ് /അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ ഹയർസെക്കന്ററി/ഡിപ്ലോമ/ബിരുദം/ബിരുദാനന്തര | അപേക്ഷകൾ www.scholarships.gov.in അല്ലെങ്കിൽ www.minorityaffairs.gov.in എന്ന വെബ്സൈറ്റ് ലിങ്കുകൾ വഴിയോ National Scholarship (NSP) എന്ന മൊബൈൽ ആപ്പിലൂടെയോ 2021 നവംബർ 30 തീയതിക്കുള്ളിൽ |

| | | | |
|---|---|---|---|
| | | ബിരുദം/എം.ഫിൽ/ പി.എച്ച്.ഡി കോഴ്സുകൾ പഠിക്കുന്നവർക്കും എൻ.സി.വി.റ്റി.യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.റ്റി.ഐ/ഐ.റ്റി.സി.കളിൽ പഠിക്കുന്നവർക്കും XI, XII തലത്തിലുള്ള ടെക്നിക്കൽ/വൊക്കേഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. മുൻ വർഷം ഇതേ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾ മുൻവർഷത്തെ രജിസ്ട്രേഷൻ ഐ.ഡി ഉപയോഗിച്ച് റിന്യൂവൽ ചെയ്യാവുന്നതാണ്.<br>ഓരോ സംസ്ഥാനത്തും ടി സ്കോളർഷിപ്പ് 30%-ൽ കുറയാതെ പെൺകുട്ടികൾക്കാണ് നൽകുന്നത്. അപേക്ഷകർ സമർപ്പിക്കുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ ആരോഹണക്രമത്തിലാണ് സ്കോളർഷിപ്പിന് അർഹരാവുന്നവരുടെ മെറിറ്റ് ലിസ്റ്റ് കേന്ദ്ര സർക്കാർ തയ്യാറാക്കുന്നത്. മെറിറ്റ് ലിസ്റ്റിന്റെ പരിധിയിൽ വരുന്നവർക്ക് മാത്രമേ ടി സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ്, ന്യൂനപക്ഷ സമുദായമാണെന്നുള്ള വിദ്യാർത്ഥിയുടെ സാക്ഷ്യപത്രം, കോഴ്സ് ഫീസ് റസീപ്റ്റ്, മുൻ വർഷത്തെ മാർക്ക് ലിസ്റ്റ്, ആധാർ കാർഡ്, പാസ്പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്, ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന ബോണഫൈഡ് സ്റ്റുഡന്റ് സർട്ടിഫിക്കറ്റ് എന്നിവ അപ് ലോഡ് ചെയ്യണം. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലും സംസ്ഥാന തലത്തിലും വെരിഫിക്കേഷൻ നടത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം മെറിറ്റ് ലിസ്റ്റ് തയാറാക്കുന്നത്. | ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഈ സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ www.dcescholarship.kerala.gov.in, www.collegiateedu.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. |
| 10 | ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പ് | കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് (അംഗീകൃത പ്രൈവറ്റ് സ്കൂളുകൾ) സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പിന് അർഹതയുള്ളത്. കൂടാതെ, ടി സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് തൊട്ട് മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് ഉണ്ടായിരിക്കണം. എന്നാൽ ഒന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് മാർക്ക് നിബന്ധന ഉണ്ടായിരിക്കുന്നതല്ല. അതൊടൊപ്പം ടി സ്കോളർഷിപ്പിന് മുൻ വർഷങ്ങളിൽനിന്നും അപേക്ഷിച്ചതിന്റെ | പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ രൂപകൽപ്പന ചെയ്ത നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി (www.scholarships.gov.in) മാത്രം അതാത് വർഷങ്ങളിൽ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം നിർദ്ദേശിക്കുന്ന സമയപരിധിയ്ക്കുള്ളിൽ ഇതിലേക്കുള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | അടിസ്ഥാനത്തിൽ അർഹരായ കുട്ടികൾ റിന്യൂവൽ അപേക്ഷയും, പുതുതായി അപേക്ഷിക്കുന്ന കുട്ടികൾ ഫ്രഷ് അപേക്ഷയും സമർപ്പിക്കേണ്ടതാണ്. | |
| 11 | എം.സി.എം. (MCM-Merit cum Means) സ്കോളർഷിപ്പ് | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വഴി എം.സി.എം. (MCM-Merit cum Means) സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ന്യൂനപക്ഷ കുടുംബത്തിലുള്ള വിദ്യാർത്ഥികളിൽ പഠിച്ച കോഴ്സിന് കുറഞ്ഞത് 50 % മാർക്ക് നേടിയവർക്ക് എം.സി.എം. സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. ഇതിൽ അർഹതയുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ 25,000/- രൂപ (Day Scholar), 30,000/- രൂപ (Hostler) എന്നിങ്ങനെ പ്രതിവർഷം നൽകിവരുന്നു. അപേക്ഷകർ പഠിക്കുന്ന കോഴ്സിന് ചുരുങ്ങിയത് 1 വർഷമെങ്കിലും അദ്ധ്യയന കാലയളവ് ഉണ്ടായിരിക്കണം. പ്രസ്തുത അപേക്ഷകർ ഇന്ത്യയിൽതന്നെയുള്ള സ്വകാര്യ / സർക്കാർ / കേന്ദ്ര സർക്കാർ യൂണിവേഴ്സിറ്റികളിലെ/സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളായിരിക്കണം. സ്കോളർഷിപ്പ് തുക DBT - ആയാണ് വിതരണം ചെയ്യപ്പെടുന്നത്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് രണ്ടാം ഘട്ട പരിശോധന നടത്തുന്ന ഏജൻസിയായി പ്രവർത്തിക്കുന്നു. | അപേക്ഷകർ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (www.scholarships.gov.in) വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.<br>www.minorityaffairs.gov.in എന്ന വെബ്സൈറ്റിലൂടെയും ഈ ലിങ്ക് ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ